20

# നിങ്ങളുടെ വസ്ത്രശേഖരം സൂക്ഷിക്കുക

## (4:17- 24)

"നന്നായി - വസ്ത്രധാരണം" ചെയ്തവരും "മോശമായി - വസ്ത്രധാരണം"[1] ചെയ്തവരും ആയി തിരഞ്ഞെടുക്കപ്പെട്ട പ്രസിദ്ധരുടെ ലിസ്റ്റ് ഓരോ വർഷവും *പീപ്പിൾ വീക്ക്ലി* മാഗസിൻ പരസ്യപ്പെടുത്താറുണ്ട്. ഫാഷനിൽ കമ്പമുള്ളവർ സ്റ്റൈലിൽ ആരാണ് "അകത്ത്" വരുന്നതു എന്നും ആരാണ് "പുറത്തു" പോകുന്നതു എന്നും അറിയുവാൻ ഈ ലിസ്റ്റ് വായിക്കാറുണ്ട്.

നിങ്ങളുടെ വസ്ത്രശേഖരത്തെ ദൈവം ശ്രദ്ധിക്കുമെന്നു നിങ്ങ ൾക്ക് അറിയാമോ? അവൻ ശ്രദ്ധിക്കും. നിങ്ങൾ ധരിക്കുന്ന പുതിയ വസ്ത്രമോ പുതിയ ചെരുപ്പോ ഒന്നും അവൻ കാര്യമാക്കുന്നില്ല. അവൻ നോക്കുന്നതു വ്യത്യസ്തമായ വസ്ത്രശേഖരമാണ് - ആത്മിയമായി നാം ഓരോരുത്തരും ധരിക്കുന്ന വസ്ത്രം.

ഈ വസ്ത്രശേഖരത്തെ പറ്റി പൗലൊസ് വിശദമാക്കുന്നു. ക്രിസ്ത്യാനികളായതുകൊണ്ട് നാം ഉരിഞ്ഞുകളയേണ്ടതും ധരിക്കേണ്ടതുമായതിനെ അവൻ വിശദീകരിക്കുന്നുണ്ട്:

> ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ചു പറയുന്നതെന്തെന്നാൽ, ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധിയനുസരിച്ചു നടക്കുന്നതു പോലെ, നിങ്ങൾ ഇനി നടക്കരുത്, അവർ അന്ധബുദ്ധികളായി, അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നേ, ദൈവത്തിന്റെ ജീവനിൽ നിന്ന കന്നു, മനം തഴമ്പിച്ചുപോയവർ ആകയാൽ; അത്യാഗ്രഹത്തോടെ, സകല അശുദ്ധിയും പ്രവർത്തിപ്പാൻ, ദുഷ്ക്കാമത്തിനു, തങ്ങളെത്തന്നേ ഏല്പിച്ചിരിക്കുന്നു. നിങ്ങളോ, യേശുവിൽ സത്യം ഉള്ളതുപോലെ, അവനെ കുറിച്ചു കേട്ടു, അവനിൽ ഉപദേശം ലഭിച്ചു എങ്കിൽ, ക്രിസ്തുവിനെ കുറിച്ചു ഇങ്ങനെയല്ല പഠിച്ചത്, മുമ്പിലത്തെ നടപ്പു സംബന്ധിച്ചു, ചതിമോഹങ്ങളാൽ വഷളായി പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു, നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധിച്ചു പുതുക്കം പ്രാപിച്ചു, സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട, പുതു മനുഷ്യനെ ധരിച്ചുകൊൾവിൻ (4:17-24).

ഇവിടെ അടിസ്ഥാനപരമായ ഒരു സത്യമുണ്ട്: *ക്രിസ്ത്യാനികൾ തങ്ങളെ ക്രിസ്തുവിലുള്ള ജീവിതം പുതുതായി തീരേണ്ടതിന് മുഴുവനായും മാറ്റേണ്ടതാണ്.*

## പഴയ വസ്ത്രങ്ങൾ

*സിറ്റ്വേഷൻ എത്തിക്സ്* എന്നു പേരുള്ള ഒരു പുസ്തകം 1960–കളിൽ ജോസഫ് ഫ്ളെച്ചർ എന്നയാൾ പ്രസിദ്ധപ്പെടുത്തി. ആ പുസ്തകത്തിൽ, ധാർമ്മികമായ സത്യം ഉണ്ട് എന്ന കാര്യം അദ്ദേഹം നിഷേധിച്ചിരുന്നു. ഫ്ളെച്ചർ പറഞ്ഞതു ശരി എപ്പോഴും ശരിയായും തെറ്റ് എപ്പോഴും തെറ്റായും ഇരിക്കുന്നില്ല എന്നാണ്. നീതിശാസ്ത്രം സാഹചര്യങ്ങളെ ആസ്പദമാക്കി യാണ് ഇരിക്കുന്നത് എന്നാണ് അദ്ദേഹം പ്രസ്താവിച്ചത്. ഒരു പ്രവൃത്തി ഒരിക്കൽ ശരിയും അതേ പ്രവൃത്തി മറ്റൊരിക്കൽ തെറ്റുമായി തീരുന്നു.

ഇപ്പോൾ, അതു പ്രസിദ്ധീകരിച്ചു മുപ്പതിൽ താഴെ വർഷങ്ങൾക്കു ശേഷവും, ഫ്ളെച്ചറുടെ സാഹചര്യത്തിലെ നിഗമനങ്ങൾ സമൂഹത്തെ വാഴുന്നു എന്നു തോന്നുന്നു. ഒരു തലമുറക്കു മുൻപുവരെ, ആളുകൾ പൂർണ്ണതയുടെ അടിസ്ഥാനത്തിലുള്ള ധാർമ്മിക വിശ്വാസമുള്ള ആളുകളായിരുന്നു: വിവാഹം വരെ കന്യകമാരായിരിക്കണം പെൺകുട്ടികൾ എന്ന ശരിയെയും; ഒരു ദിവസത്തെ സത്യസന്ധമായ ജോലിക്കു സത്യസന്ധമായ ശമ്പളം ശരിയാണെന്നതിനെയും; സ്വവർഗ്ഗരതി തലതിരിഞ്ഞ ജീവിതശൈലി ആണെന്നതും; അല്ലെങ്കിൽ കള്ളം പറയുന്നതും, മോഷ്ടിക്കുന്നതും, അശ്ലീല ചിത്രം കാണുന്നതും, അല്ലെങ്കിൽ വ്യഭിചാരം ചെയ്യുന്നതുമെല്ലാം ഒരിക്കലും ശരിയല്ല എന്നതിനെയും കുറച്ചുപേർ ചോദ്യം ചെയ്യുവാൻ തുടങ്ങി. സമൂഹം ഇത്തരം പല കാര്യങ്ങളെയും മുറുകെ പിടിക്കുന്നില്ല.

നമ്മുടെ സമൂഹത്തിലെ ഇന്നത്തെ ക്രിസ്ത്യാനികളോടു നേരിട്ടു എഴുതുകയാണെന്നു തോന്നുന്നതാണ് പൗലൊസിന്റെ വാക്കുകൾ. അവൻ പറഞ്ഞു, "ആകയാൽ ഞാൻ, കർത്താവിൽ സാക്ഷീകരിച്ചു പറയുന്നതെന്തെന്നാൽ, ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ചു നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്, ..." (4:17). ഒരു തർജ്ജിമ പറയുന്നത്, "ആകയാൽ ഞാൻ നിർബന്ധിക്കുന്നതും – ഇക്കാര്യത്തിൽ ദൈവം എന്നെ പിന്താങ്ങുന്നതുമെന്തെന്നാൽ – ജനക്കൂട്ടം പോകുന്നതനുസരിച്ചു പോകരുത്" (റ്റിഎം).

"ജനക്കൂട്ടത്തിന്റെ" വഴിയിൽ ജീവിക്കുക എന്നു പറഞ്ഞാൽ എന്താണ്? അതു മരണത്തിലേക്കുള്ള വഴി ആയിട്ടാണ് പൗലൊസ് പറഞ്ഞത്, അതിലെ ഓരോ പടിയും കയറുമ്പോൾ നിത്യനാശത്തിലേക്കു അടുക്കുകയാണ്.

ഒന്നാമത്തെ പടി *നിർബ്ബന്ധബുദ്ധി* ആണ്. ദൈവഭക്തി ത്യജിച്ചവർ "അന്ധബുദ്ധികളായി, അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നേ, ദൈവത്തിന്റെ ജീവനിൽ നിന്നകന്നു" (4:18). ഹൃദയം കഠിനപ്പെട്ടേക്കാം, കടുപ്പമുള്ളതാകാം, അല്ലെങ്കിൽ ചുണ്ണാമ്പു കട്ടിയാകുന്നതുപോലെയാകാം. "കാഠിന്യം" എന്ന വാക്ക് വാക്യം 18–ൽ ഉപയോഗിച്ചിരിക്കുന്നത് ഒടിഞ്ഞ എല്ലു മുറി കൂടുമ്പോഴുണ്ടാകുന്ന തഴമ്പു എന്നതിന്റെ സൂചനയാണ്. ഈ തഴമ്പു വാസ്തവത്തിൽ എല്ലിനേക്കാൾ കടുപ്പമാകുന്നു. പാപത്തിന് ഒരാളുടെ ഹൃദയത്തെ അങ്ങനെ ആക്കുവാൻ കഴിയും.

ഞാൻ ഒരു കൗമാര – പ്രായക്കാരനായിരുന്നപ്പോൾ, അടുത്ത വീട്ടിലെ ഒരു സ്നേഹിതൻ തന്റെ അപ്പന്റെ മുറിയിൽ നിന്നു അശ്ലീല ചിത്രങ്ങൾ ഉള്ള മാസിക എടുത്തു. ഞാനും അവനും ഒരു സ്ഥലത്തു ഒളിച്ചിരുന്നു അതിന്റെ എല്ലാ പേജുകളും നോക്കി. അതു തെറ്റാണെന്നു ഞങ്ങൾക്കു അറിയാമായിരുന്നു. ഞങ്ങൾ ചെയ്യുന്നതു ആളുകൾ കാണരുത് എന്നു ഞങ്ങൾ കരുതി, അതുകൊണ്ടാണ് ഞങ്ങൾ ഒളിച്ചിരുന്നത്. അന്നു എന്റെ ഹൃദയം കഠിനപ്പെ

ടുവാൻ തുടങ്ങി. ഒന്നുരണ്ടു വർഷങ്ങൾ കഴിഞ്ഞപ്പോൾ, ഞാൻ സ്വയം മാസികകൾ വാങ്ങുവാൻ തുടങ്ങി. ഞാൻ പാപത്തിന്റെ ശക്തിക്കു അടിമപ്പെടുവാൻ തുടങ്ങി: നാം പാപത്തോട് "ശരി" എന്നു പറയുന്നേടത്തോളം, അത് ശമിപ്പിക്കാത്ത ദാഹമായി പ്രവർത്തിക്കുന്നു. യേശുവിനു മാത്രമേ അതിൽ നിന്നു സ്വതന്ത്രമാക്കി വീണ്ടും നമ്മുടെ ഹൃദയത്തെ മൃദുലമാക്കുവാൻ കഴിയൂ.

രണ്ടാമത്തെ പടി *ഇരുട്ടാണ്*. ദൈവിക ജീവിത രീതി ത്യജിച്ചിരിക്കുന്നവർ "അവരുടെ മനസ്സിലാക്കൽ ഇരുണ്ടുപോയി, ..." (4:18). ഇരുട്ടിൽ തപ്പി തടയുവാൻ എനിക്ക് ഇഷ്ടമില്ല, നിങ്ങളോ? ഇരുട്ടിൽ നടക്കുന്ന ഒരാൾക്ക് മുറിവേല്ക്കാനിടയുണ്ട്. പാപവും അതാണ് നമ്മോടു ചെയ്യുന്നത്. അതു ജീവിതത്തെ ഇരുണ്ടതാക്കുന്നു. ഇരുട്ടിൽ, ഒരാൾക്ക് വഴി കാണുവാൻ പ്രയാസമാണ്. ഉദാഹരണമായി, മയക്കുമരുന്നിനടിമപ്പെട്ട ഒരാൾ തന്റെ ജീവിതം കൊകെയിനിൽ നിന്ന് നൈമിഷികമായി ലഭിക്കുന്ന "ഉയർന്ന" തിനുവേണ്ടി ഹോമിക്കുവാൻ സാഹസപ്പെടുന്നു. കുറച്ചു നേരത്തേക്കു മാത്രം ഉള്ള സന്തോഷത്തിനായി ഏതു സാഹസത്തിനും മുതിരുവാൻ ഇരുണ്ട മനസുള്ള ഒരാൾക്കു മാത്രമെ കഴിയൂ. പാപം നമ്മെ വ്യക്തമായി ചിന്തിക്കുവാൻ അനുവദിക്കയില്ല.

മൂന്നാമത്തെ പടി *ന്യായവിധിയാണ്*. "ദൈവത്തിന്റെ ജീവിതത്തിൽ നിന്നു" ഒരാളെ അകറ്റുന്നതു പാപമാണ് (4:18) ദൈവവുമായി ബന്ധപ്പെടുവാൻ പാപം നമ്മെ അനുവദിക്കയില്ല – ഒരു തരം വിധിയാണത് – ശരിയായി ചിന്തിക്കുവാനുള്ള കഴിവും നഷ്ടപ്പെടും. ഒരു തർജ്ജിമ പറയുന്നതു പോലെ, "അവർ ദൈവവുമായി ബന്ധപ്പെടാത്ത വിധത്തിൽ നിരസിക്കുന്നു ദൈവവുമായി മാത്രമല്ല യാഥാർത്ഥ്യവുമായും അങ്ങനെ തന്നെ. അവർക്കു പിന്നെ ശരിയായി ചിന്തിക്കുവാൻ കഴിയുന്നില്ല" (4:18; റ്റിഎം). ചാരായം, ചീട്ടുകളി, അശ്ലീല ചിത്രം കാണൽ, മയക്കുമരുന്ന് എടുക്കൽ, കാമാവേശം എന്നിവയുടെയും ഫലം ഇതാണ്.

ഈ മരണവഴിയുടെ നാലാമത്തെ പടിയാണ് *നിർവിചാരം*. ദൈവഭക്തിയോടെ ജീവിക്കാത്ത ആളുകളെ കുറിച്ചു പൗലൊസ് പറഞ്ഞു, "മനം തഴമ്പിച്ചുപോയ, [അവർ] അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ, ദുഷ്ക്കാമത്തിനു തങ്ങളെത്തന്നെ ഏല്പിച്ചിരിക്കുന്നു" (4:19). ഞാനിതു വായിക്കുമ്പോൾ, നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ അശുദ്ധിയും ദുഷ്ക്കാമവും പ്രവർത്തിക്കുവാനുള്ള ശക്തിയെ കുറിച്ചാണ് ഞാൻ ഓർക്കുന്നത്. നമ്മിൽ ഒരാളുപോലും തൃപ്തിപ്പെടുത്താനാവാത്ത മോഹത്തിൽപെട്ട് ജീവിതം നിയന്ത്രണം വിട്ട് നഷ്ടപ്പെടുത്താതിരിക്കുന്നില്ല.

അസാമാന്യ സഹിഷ്ണുത ഉള്ള ഒരു കുട്ടി ഒരു കുറുക്കനെ മോഷ്ടിക്കുകയും അതിന്റെ ഉടമസ്ഥനെ കണ്ടുമുട്ടുകയും ചെയ്ത ഒരു പുരാതന ഗ്രീക്കു കഥയുണ്ട്. അവൻ ചെയ്തതു ഒളിച്ചുവെക്കുവാൻ, കുട്ടി കുറുക്കനെ അവന്റെ വസ്ത്രത്തിനകത്തു വെച്ചു. അവൻ അനങ്ങാതെ നിന്നു. ഭയന്ന കുറുക്കൻ അവന്റെ പ്രധാനപ്പെട്ട അവയവത്തെ മാന്തി കീറി മുറിച്ചിട്ടും അവൻ കണ്ണിറുക്കാതെ നോക്കിനിന്നു. മരണകരമായ വേദന അനുഭവിക്കേണ്ടി വന്നിട്ടും, ആ കുട്ടി താൻ ചെയ്ത തെറ്റു സമ്മതിച്ചില്ല.[2]

പാപം അതു ചെയ്യും. ആളുകൾ പോകുന്ന "ജീവിത വഴി" മരണത്തിലേക്കുള്ള വഴി ആണെന്നു സമ്മതിക്കുന്നതിനുപകരം എല്ലാ കഷ്ടതയും അവർ സഹിക്കുന്നതുവരെ അതു ആളുകളെ സൂത്രത്തിൽ കുടുക്കും.

## പുതിയ വസ്ത്രങ്ങൾ

മരണത്തിലേക്കു സഞ്ചരിക്കുവാൻ പാപം കാരണമാകുന്നു, എന്നാൽ യേശുവിനു നമ്മുടെ ദിശ മാറ്റുവാൻ കഴിയും. പഴയ ജീവിതത്തെ കുറിച്ചു, പൗലൊസ് പറഞ്ഞു, "നിങ്ങൾ ക്രിസ്തുവിനെ കുറിച്ചു അങ്ങനെയല്ല പഠിച്ചത്" (4:20). അവനെ അറിയുമ്പോൾ ജീവിത വഴി മാറ്റുവാൻ അതു നമ്മെ ആഹ്വാനം ചെയ്യുന്നു.

സ്ക്കൂളിൽ പോകുന്നതുപോലെ ക്രിസ്തുവിൽ ആകുന്നതു നമുക്ക് ഇഷ്ടപ്പെടുവാൻ കഴിയും. *എന്ത് ഉരിഞ്ഞു കളയുകയും എന്ത് ഉടുക്കുകയും ചെയ്യണമെന്ന് പഠിക്കുവാൻ നാം ക്രിസ്തുവിൽ ഉള്ള സ്കൂളിൽ പോയി.* പാഠ്യപദ്ധതിയും, അദ്ധ്യാപകനും, നമ്മുടെ ജീവിതത്തിനുവേണ്ട ക്ലാസ് മുറിയും അവനാണ്. നാം ക്രിസ്തുവിനെ *അറിയുന്നു* (4:20). ക്രിസ്തു തന്നെയാണ് നമ്മുടെ *പാഠ്യപദ്ധതി.* എങ്ങനെ ജീവിക്കണമെന്നു നാം അവനിൽ നിന്നു പഠിക്കുന്നു. നാം ക്രിസ്തുവിനെ *കേട്ടുമിരിക്കുന്നു* (4:21). മറ്റൊരു വാക്കിൽ പറഞ്ഞാൽ, ക്രിസ്തുവാണ് നമ്മുടെ *ഗുരു*. നാം അവനിൽ നിന്നു *പഠിച്ചു* (4:21). ക്രിസ്തുവാണ് നമ്മുടെ *ക്ലാസ് മുറി.* നമ്മുടെ ധാർമ്മിക ചിന്ത ശരിയാകുവാൻ നമുക്കു വേണ്ടതെല്ലാം അവനിൽ ഉണ്ട്.

നമ്മുടെ വസ്ത്രങ്ങൾ മാറുന്നതുമായി ക്രിസ്തുവിനെ അനുഗമിക്കുന്നതു പൗലൊസ് താരതമ്യം ചെയ്തിരിക്കയാണ്. അവൻ എഴുതി, "... മുമ്പിലത്തെ നടപ്പു സംബന്ധിച്ചു, ചതിമോഹങ്ങളാൽ വഷളായി പ്പോകുന്ന, പഴയ മനുഷ്യനെ ഉപേക്ഷിച്ചു" (4:22). ക്രിസ്തുവിലാകുന്നു എന്നു പറഞ്ഞാൽ, പഴയ അഴുക്കുള്ള വസ്ത്രം ഒരു കവറിലാക്കി, അടച്ചു എറിഞ്ഞു കളയുന്നതുപോലെയാണ് കാരണം അവ പിന്നെ ഒരിക്കലും ധരിക്കുവാൻ കഴിയുകയില്ല. ക്രിസ്തുവിൽ ആകുമ്പോൾ, നാം നമ്മുടെ പഴയ ജീവിതത്തെ അങ്ങനെ ചെയ്യുന്നു.

പൗലൊസ് പിന്നെ പറഞ്ഞു, "... നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധിച്ചു പുതുക്കം പ്രാപിക്ക" (4:23). "പുതുക്കം" എന്ന വാക്കിനർത്ഥം വീണ്ടും ചെറുപ്പം ആകുക - വീണ്ടും യൗവ്വനം പ്രാപിക്കുക, എന്നേക്കും ചെറുപ്പമാകുകയും, നിർമ്മലമാകുകയും ചെയ്യുക.

വാക്യം 24 ഒരു പടികൂടെ കടക്കുന്നു: നമ്മെ പഠിപ്പിച്ചതു "സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും, ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ." മറ്റൊരു രീതിയിൽ പറഞ്ഞാൽ, യേശുവിന്റെ ജീവിതം പിൻപറ്റുവാനാണ് അവൻ നമ്മെ വിളിക്കുന്നത്.

## ഉപസംഹാരം

ക്രിസ്തുവിന്റെ പുതുജീവൻ നമ്മിൽ ധരിക്കുവാൻ നാം എടുക്കേണ്ട പടികൾ ഏവ?

*തീരുമാനം എടുക്കുക.* ഓരോ ദിവസവും നിങ്ങൾ ശരിയായതു തിരഞ്ഞെടുക്കുന്നതിൽ പ്രതിസന്ധികൾ നേരിടാറുണ്ട്. നിങ്ങൾ ഏതുതരം വ്യക്തി ആകണമെന്നു മുൻപു വിചാരിച്ചുവോ ആ തീരുമാനം നിങ്ങളുടെ ഓരോ നിമിഷത്തേയും തീരുമാനങ്ങളെ വലുതായി സ്വാധീനിക്കും. ക്രിസ്തുവിനെ പോലെ ആകുവാൻ നിങ്ങൾ തീരുമാനം എടുക്കുക.

*ശരിയായ ദിശയിൽ ദിവസം ആരംഭിക്കുക.* ഓരോ ദിവസവും ദൈവത്തോടു പ്രാർത്ഥനയിൽ ആയിരിക്കുക. കുറച്ചു സമയം എടുത്ത് ദൈവവ

ചനം വായിച്ചു ധ്യാനിച്ചു ആ ദിവസത്തെ ക്രമീകരിക്കുക.

*ഒരു വര വരച്ച് അതിൽ തന്നെ ഉറച്ചു നില്ക്കുക.* മിക്ക ക്രിസ്ത്യാനികളും ശക്തരാകുവാൻ ആഗ്രഹിക്കുന്നവരാണ്. പ്രശ്നം എന്തെന്നാൽ നാമെല്ലാവരും ബലഹീനരാണ്. നമ്മുടെ ബലഹീനത എന്തെന്നു നാം അറിയേണ്ടതുണ്ട്, ഒരു വര വരച്ചു അവയിൽ നിന്നു, നമ്മെ വേർതിരിച്ചു നിർത്തുക. നിങ്ങളുടെ ജീവിതത്തിലെ ഏതു മേഖലയിലാണ് നിങ്ങൾ നിരന്തരമായി വിഷമിച്ചുകൊണ്ടിരിക്കുന്നത്? നിങ്ങൾ സ്വയം ആവർത്തിച്ചുകൊണ്ടിരിക്കുന്ന പാപം ഏതാണ്? നിങ്ങളുടെ ശ്രദ്ധയെ തിരിക്കുവാൻ പറ്റിയ സാത്താന്റെ ഏറ്റവും നല്ല "ഇര" എന്താണ്? ഒരു വര വരച്ചു അതിന്റെ പുറകിൽ തന്നെ നില്ക്കുവാൻ പരിശീലിക്കുക.

*നിങ്ങളുടെ ഹൃദയത്തെ സൂക്ഷിക്കുക.* നിങ്ങൾക്കു രണ്ടു യജമാനന്മാരെ സേവിപ്പാൻ സാധ്യമല്ല. യേശുവിനെ നിങ്ങളുടെ ജീവിതത്തിന്റെ യജമാനൻ ആക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ, നിങ്ങളുടെ ജീവിതത്തിൽ നിന്നു ചില ആശയങ്ങളും പ്രവൃത്തികളും നീക്കികളയണം.

*നിങ്ങളുടെ മനസ്സിനെ സൂക്ഷിക്കുക.* നിങ്ങൾ മനസ് എന്തിൽ വെച്ചിരിക്കുന്നുവോ അതനുസരിച്ചു ആയിരിക്കും യുദ്ധത്തിന്റെ ഫലം നിർണ്ണയിക്കുന്നത്.

*നിങ്ങളുടെ കണ്ണുകളെ സൂക്ഷിക്കുക.* ഉല്പത്തി 39-ൽ "തീയിൽ കളിച്ചാൽ പൊള്ളാതിരിക്കയില്ല" എന്നാണ് യോസേഫ് കാണിച്ചു തരുന്നത്. ദാവീദ് രാജാവു ആ വസ്തുത മറന്നുപോയി. അവൻ തന്റെ കണ്ണുകളെ സൂക്ഷിച്ചില്ല. "നിങ്ങൾ കാണുന്ന കൊച്ചു കണ്ണുകളെ സൂക്ഷിക്കുക" എന്നത് കുട്ടികളുടെ പാട്ടിന്റെ ഒരു വരി എന്നതിനേക്കാൾ കൂടുതൽ അർത്ഥമുള്ളതാണ്.

*നിങ്ങളുടെ ജീവിതത്തിന്റെ ഓരോ ഭാഗവും സൂക്ഷിക്കുക.* നിങ്ങൾ നന്നല്ല എന്നു വിചാരിക്കുന്ന ഏതൊരു ചിന്തയോ പ്രവൃത്തിയോ നിങ്ങളുടെ ആത്മിയ ജീവിതത്തെ നശിപ്പിക്കുവാൻ മതിയായതാണ്. ചിന്തകളെ നീതീകരിച്ചുകൊണ്ടുള്ള പദപ്രയോഗങ്ങളായ "എനിക്ക് അതു കൈകാര്യം ചെയ്യുവാൻ കഴിയും," "അതത്ര മോശമൊന്നുമല്ല," അല്ലെങ്കിൽ "ബൈബിളിൽ അതിനെ കുറിച്ചു പ്രത്യേകമായൊന്നും പറഞ്ഞില്ലല്ലോ" എന്നെല്ലാം പറയുന്നതു ഒഴിവാക്കണം. ഏറ്റവും പ്രാധാന്യമല്ലാത്ത ചിന്തകളെയും പ്രവർത്തികളെയും പോലും സൂക്ഷിക്കണം.

നമ്മുടെ ആത്മിയ വസ്ത്രശേഖരങ്ങളെ ദൈവം ശ്രദ്ധിക്കുന്നു. നിങ്ങളുടേതിനെ കുറിച്ചു നിങ്ങൾ ചിന്തിക്കുമ്പോൾ, പ്രാർത്ഥനയിൽ കർത്താവിനോടുകൂടെ ആയിരിക്കുക. നിങ്ങൾക്കു ആവശ്യമുള്ള സമർപ്പണവും ഏറ്റുപറച്ചലും നടത്തുക. നിങ്ങൾക്കു ക്രിസ്തുവിനെ ധരിക്കുവാൻ വേണ്ട ശക്തിക്കായി ദൈവത്തോടു അപേക്ഷിക്കുക.

---

കുറിപ്പുകൾ

[1]"ബെസ്റ്റ് & വെഴ്സ്റ്റ് ഡ്രെസ്ഡ്: 1994," *പീപ്പിൾ വീക്ക്ലി* (19 സെപ്റ്റംബർ 1994): 58-117.

[2]ജോൺ മാക് ആർദർ, ജൂനിയർ., *എഫെഷ്യൻസ്*, ദ മാക് ആർദർ ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഷിക്കാഗോ, Ill.: മൂഡി പ്രെസ്, 1986), 170.